NISH

**NIDAS: 26**

# Stroke and its rehabilitation

## FREQUENTLY ASKED QUESTIONS

1. സ്ട്രോക്ക് എന്നാൽ എന്ത്?
   തലച്ചോറിന്റെ ഒരു ഭാഗത്തിനുണ്ടാകുന്ന കേടുപാടിനെയാണ് സ്ട്രോക്ക് എന്ന് പറയുന്നത്. തലച്ചോറിന്റെ എല്ലാ ഭാഗങ്ങളിലേക്കും വേണ്ടത്ര രക്തം എത്താതെ വരുമ്പോഴാണ് ഇത് സംഭവിക്കുന്നത്.

2. കുട്ടികളിൽ സ്ട്രോക്ക് ഉണ്ടാകാറുണ്ടോ?
   കുട്ടികളിലും സ്ട്രോക്ക് കാണപ്പെടുന്നുണ്ട്

3. കുട്ടികളിൽ സ്ട്രോക്ക് ഉണ്ടാകുന്നതിൻറെ കാരണമെന്ത്? അത് മുതിർന്നവർക്കുണ്ടാകുന്ന സ്ട്രോക്കിൽനിന്നും വ്യത്യസ്തമാകുന്നത് എങ്ങിനെ?
   സ്ട്രോക്ക് മുതിർന്നവരിലാണ് കൂടുതലായി കാണപ്പെടുന്നതെങ്കിലും, കുട്ടികളിലും കണ്ടു വരുന്നു. അതിനു വിവിധ കാരണങ്ങളുണ്ട്. ജന്മനാ ഉള്ള ഹൃദയ വൈകല്യങ്ങൾ ഒരു പ്രധാന ഘടകമാണ്. അതീരോസ്ക്ലീറോടിക്, നോൺ അതീരോസ്ക്ലീറോടിക് വാസ്കുലോപതീസ്, അരിവാൾ രോഗം, മസ്തിഷ്കത്തിലെ അണുബാധകൾ, പ്രോ-ത്രോംബോടിക് സ്റ്റേറ്റ്സ് പോലുള്ള ഹീമോഗ്ലോബിനോപതീസ്, ട്രോമ, പല തരം ജനിതക രോഗങ്ങൾ എന്നിവയാണ് മറ്റു പ്രധാന ഘടകങ്ങൾ.
   കുട്ടികളിൽ കാണപ്പെടുന്ന സ്ട്രോക്കിൽ അപസ്മാരം, മനസ്സിലാക്കാനുള്ള ബുദ്ധിമുട്ട്, തലവേദന, മുതലായവ ഉണ്ടാകുന്നതാണ്.

4. ഒരു കുട്ടിയ്ക്ക് സ്ട്രോക്ക് ഉണ്ടെന്ന് കണ്ടാൽ, എന്താണ് ചെയ്യേണ്ടത്?
   ഒരു ന്യൂറോളജിസ്റ്റിനെ കാണുകയും, രോഗം തീർച്ചപ്പെടുത്തി വേണ്ട ചികിത്സ എടുക്കുകയും വേണം.

5. സ്ട്രോക്കിനെ എങ്ങനെയാണ് ചികിത്സിക്കുന്നത്?
   രോഗത്തിൻറെ കാരണത്തിനനുസരിച്ച് ചികിത്സ, അതിൻറെ പരിണതഫലം, ആവർത്തിച്ചുണ്ടാകാനുള്ള സാധ്യത എല്ലാം മാറുന്നു.

| കാരണങ്ങൾ | ചികിത്സ |
|---|---|
| ജന്മനാ ഉള്ള ഹൃദയ വൈകല്യം | സർജിക്കൽ കറക്ട് അയോൺ ഓഫ് കാർഡിയാക് ഡിഫക്ട് |
| ഡിമോൺസ്ട്രബിൾ ത്രോംബസ് | ആൻറികൊയാഗുലേഷൻ |
| മോയാ മോയാ ഡിസീസ് | സർജിക്കൽ ട്രീറ്റ്മൻറ് |

| | |
|---|---|
| അരിവാൾ രോഗം | ആവർത്തിച്ചുള്ള ബ്ലഡ് ട്രാൻസ്ഫ്യൂഷൻ |
| മൈറ്റോകോണ്ട്രിയൽ ഡിസീസ് | ഫോളിക് ആസിഡ്, വിറ്റാമിൻകോംപ്ലക്സ് സപ്പ്ളിമെൻറേഷൻ |
| അണുബാധ | അണുബാധയ്ക്കുള്ള ചികിത്സ |
| രക്തക്കുഴലുകളുടെ വൈകൃതം | സർജിക്കൽ ട്രീറ്റമൻറ് |
| ഹീമോഫിലിയ | ഫാക്ടർ ഇൻഫ്യൂഷൻ |

6. സ്ട്രോക്ക് പൂർണ്ണമായും ഭേദപ്പെടുത്താൻ സാധ്യമാണോ?

ഒരു പരിധി വരെ സാധ്യമാണ്. ഇത് പ്രധാനമായും സ്ട്രോക്കിൻറെ കാരണത്തെ ആശ്രയിച്ചിരിക്കുന്നു.

7. സ്ട്രോക്കിനു എത്ര കാലം വരെ ചികിത്സ എടുക്കേണ്ടതുണ്ട്?

ഇത് സ്ട്രോക്കിൻറെ കാരണത്തെ ആശ്രയിച്ചിരിക്കുന്നു. അണുബാധ കാരണമുണ്ടാകുന്ന സ്ട്രോക്കിനു ചികിത്സ കുറഞ്ഞ കാലം മതിയാകും. ജന്മനാ ഉള്ള ഹൃദയ വൈകല്യത്തിനു, സർജിക്കൽ ട്രീറ്റ്മൻറിനു ശേഷം മറ്റു ചികിത്സ ഇല്ല. ഫിസിയോതെറാപ്പി ഒരു പ്രധാന ഘടകമാണ്.

8. സ്ട്രോക്കിനു ശേഷം സാധാരണ ജീവിതത്തിലേക്കുള്ള തിരിച്ചു വരവ് സാധ്യമാണോ?

തീർച്ചയായും സാധ്യമാണ്

9. സ്ട്രോക്ക് പാരമ്പര്യമായി വരുമോ?

ചിലരിൽ പാരമ്പര്യമായി സ്ട്രോക്ക് കാണുന്നുണ്ട്.

10. പാരമ്പര്യമായി സ്ട്രോക്ക് വരുന്നത് നേരത്തെ കണ്ടു പിടിക്കാമോ?

പാരമ്പര്യമായി സ്ട്രോക്ക് വരുന്നത് എൻസൈമുകളുടെ ജനറ്റിക് അനാലിസിസ് വഴി സാധ്യമാണ്

11. കുട്ടികൾക്ക് പാരമ്പര്യമായി സ്ട്രോക്ക് വരുന്നത് തടയാൻ രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ടതെന്തൊക്കെ?

രക്ഷിതാക്കൾക്ക് സ്ട്രോക്ക് വന്നിട്ടുണ്ടെങ്കിൽ അത് ജനിതക കാരണങ്ങൾ കൊണ്ടാണോ എന്ന് പരിശോധിച്ച ശേഷം ഡോക്ടറുടെ സഹായത്തോടെ വേണ്ട മുൻകരുതലുകൾ എടുക്കുക.

12. സ്ട്രോക്കിൻറെ പുനരധിവാസത്തിനു ആരുടെയൊക്കെ സഹായമാണ് തേടേണ്ടത്?

ഫിസിയോതെറാപ്പിസ്റ്റ്, ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്, ചൈൽഡ് സൈക്കോളജിസ്റ്റ്, സ്പീച് തെറാപ്പിസ്റ്റ്, പീഡിയാട്രീഷ്യൻ, ന്യൂറോളജിസ്റ്റ്, ചില കേസുകളിൽ ന്യൂറോസർജൻ, ജനറ്റിസിസ്റ്റ് എന്നിവരുടെ ടീം വർക്ക്.

13. ന്യൂറോ റിഹാബിലിറ്റേഷൻ എന്താണ്

സ്ട്രോക്ക് കാരണം രോഗികൾക്കുണ്ടാകുന്ന ചലന വൈകല്യങ്ങൾ, ഭാഷാ-മാനസിക വൈകല്യങ്ങൾ, പെരുമാറ്റ - സാമൂഹിക വൈകല്യങ്ങൾ, ദിനചര്യകൾ സ്വയം ചെയ്യാനുള്ള കഴിവ് കുറവുകൾ നികത്താനുള്ള വഴികൾ എന്നിവയുടെ കൃത്യമായ അവലോകനം, രക്ഷിതാക്കൾക്കും പരിചരിക്കുന്നവർക്കും ഉണ്ടാകുന്ന പ്രതീക്ഷകൾ, രോഗിയുടെ അവസ്ഥയുടെ കൃത്യമായ മേൽനോട്ടം, എന്നിവയെല്ലാം അടങ്ങിയതാണ് ന്യൂറോ റിഹാബിലിറ്റേഷൻ. മൾട്ടി മോഡൽ- ഫാമിലി സെൻറേർഡ് റിഹാബിലിറ്റേഷൻ പ്രോഗ്രാം ആവശ്യമാണ്.

14. ന്യൂറോ റിഹാബിലിറ്റേഷൻ എങ്ങനെയാണ് സഹായകമാകുന്നത്.

- കുഞ്ഞുങ്ങളിലെ വൈകല്യങ്ങളും പ്രവർത്തന സ്ഥിതിയും നിര്ണ്ണയിക്കുക
- കുഞ്ഞുങ്ങളെ പരിചരിക്കുന്നത്, രക്ഷിതാക്കളുടെ പ്രതീക്ഷകൾ, ജീവിതരീതിയിൽ വരുത്തേണ്ട മാറ്റങ്ങൾ, എന്നിവയെ കുറിച്ച് രക്ഷിതാക്കൾക്ക് അറിവ് നൽകുക,
- പുരോഗതി കൃത്യമായി നിരീക്ഷിക്കുക
- മെഡിക്കൽ - സർജിക്കൽ ന്യൂറോളജി ഒ.പി.ഡി യിൽ കൃത്യമായി ഫോളോ അപ് നടത്തുക

15. സ്ട്രോക്ക് കാരണമുണ്ടാകുന്ന സങ്കീർണ്ണതകൾ

- പരാലിസിസ് പേശികൾക്കു സ്വയം അനങ്ങാൻ കഴിയാതിരിക്കുന്ന അവസ്ഥ
- സ്പാസ്റ്റിസിറ്റി പേശികൾ ബലപ്പെടുകയും നിവർത്താൻ കഴിയാതെയും ഇരിക്കുന്ന അവസ്ഥ
- അഫേസ്യ സംസാരിക്കാനുള്ള ബുദ്ധിമുട്ട്
- കുടൽ-മൂത്രാശയ നിയന്ത്രണം ഇല്ലാതിരിക്കൽ
- കാര്യങ്ങൾ മനസ്സിലാക്കാനുള്ള ബുദ്ധിമുട്ട്

16. സ്പാസ്റ്റിസിറ്റിയെ എങ്ങനെ എങ്ങനെയാണ് ചികിത്സിക്കുന്നത്

- പാസ്സീവ് സ്ട്രെച്ചിങ് വ്യായാമങ്ങൾ
- ആൻറി സ്പാസ്റ്റിസിറ്റി ഡ്രഗ്സ്

കൂടുതൽ വിവരങ്ങൾക്ക്


മിസ്. രജിത എൽ. 0471-3066638
സോഷ്യൽ വർക്കർ
നിഷ്

ഡോ . ബിന്ദു തങ്കപ്പൻ. എം. ഡി. ഡി.എം
ന്യൂറോളജിസ്റ്റ്,
എസ്. എ. റ്റി. ഹോസ്പിറ്റൽ, തിരുവനന്തപുരം 0471- 2475166